**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 333** **05-12-2022 - ൽ മറുപടിയ്ക്ക്**

**പാറശാല മണ്ഡലത്തിലെ സഞ്ചരിക്കുന്ന റേഷൻ കടകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പാറശാല മണ്ഡലത്തിലെ ആദിവാസി ഊരുകളിലെ എല്ലാ കുടുംബങ്ങൾക്കും ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കി വരുന്നതെന്ന് വിശദമാക്കുമോ; | (എ) | പാറശാല മണ്ഡലത്തിലെ ആദിവാസി മേഖലയായ പുരവിമലയിലേക്ക് 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതി പ്രകാരം അർഹതപ്പെട്ട റേഷൻസാധനങ്ങൾ യഥാസമയം ലഭ്യമാക്കി വരുന്നുണ്ട്. വനമേഖലയിലെ അപകട സാഹചര്യത്തിലും, പ്രതികൂല കാലാവസ്ഥയിലും, ആദിവാസി പ്രൊമോട്ടർമാരുടെ സഹകരണത്തോടെ റേഷനിംഗ് ഇൻസ്പെക്ടർമാർ ഊരുകളിൽ നേരിട്ടെത്തി പരാതിക്കിടവരാതെ റേഷൻ വിതരണം നടത്തി വരുന്നു. ഇപ്രകാരം അർഹതപ്പെട്ട റേഷൻ വിഹിതം കൃത്യമായി ഓരോ കാർഡുടമയ്ക്കും ലഭിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തുന്നുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ സഞ്ചരിക്കുന്ന റേഷൻ കടകളുടെ പ്രവർത്തനം ഏതൊക്കെ പ്രദേശങ്ങളിലാണ് വ്യാപിപ്പിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കാമോ; പ്രസ്തുത പദ്ധതിയിലൂടെ മണ്ഡലത്തിലെ മുഴുവൻ ആദിവാസി ഊരുകളിലും ഭക്ഷ്യസാധനങ്ങൾ എത്തിക്കാൻ സാധിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | കാട്ടാക്കട താലൂക്കിൽ ഉൾപ്പെട്ടു വരുന്ന പാറശാല മണ്ഡലത്തിലെ ആദിവാസി മേഖലയായ പുരവിമല ആദിവാസി ഊരിൽ കൊമ്പ, പിയണപ്പാറ, കണ്ണമാംമൂട്, തെന്മല, വെല്ലി, തേക്കുംമൂട് തുടങ്ങിയ പ്രദേശങ്ങളിൽ 'സഞ്ചരിക്കുന്ന റേഷൻകട' പദ്ധതി പ്രകാരം<br><br>റേഷൻവിതരണം നടത്തി വരുന്നുണ്ട്. |
| (സി) | സഞ്ചരിക്കുന്ന റേഷൻകട പദ്ധതിക്കായി എം.എൽ.എ.മാരുടെ വികസന ഫണ്ട് വിനിയോഗിച്ച് വാഹനം വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | പരിശോധിച്ച് വരുന്നു. |
| (ഡി) | ഇത്തരത്തിൽ വാങ്ങുന്ന വാഹനങ്ങളുടെ ഇന്ധനം, ഡ്രൈവറുടെ ശമ്പളം, മെയിന്റനൻസ് ഉൾപ്പെടെയുള്ള ആവർത്തനചെലവുകൾ ഏതു രീതിയിൽ നിർവഹിക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ